"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പന്തളം മാസ്റ്റർ പ്ലാനിന്മേൽ, കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 36(6), 36(7) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി, കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 38 പ്രകാരം, **2022 ആഗസ്റ്റ് 31** വരെ ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.126/2022/LSGD തീയതി,തിരുവനന്തപുരം, 17-06-2022

---

പരാമർശം:-

1. 14.10.2019 തീയതിയിലെ സ.ഉ.(കൈ) നം.128/2019/തസ്വഭവ.
2. 07.11.2020 തീയതിയിലെ സ.ഉ.(കൈ) നം.178/2020/തസ്വഭവ.
3. 31/08/2021 തീയതിയിലെ സ.ഉ.(കൈ)നം. 187/2021/തസ്വഭവ
4. പന്തളം നഗരസഭ കൗൺസിലിന്റെ 18/12/2021 ലെ VIII-ാം നമ്പർ തീരുമാനം.
5. മുഖ്യനഗരാസൂത്രകന്റെ 06.05.2022 തീയതിയിലെ ടിസിപിസിടിപി/1481/2020-എഫ് 2 നമ്പർ കത്ത്.

**ഉത്തരവ്**

പന്തളം മാസ്റ്റർപ്ലാനിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നല്കി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പന്തളം മാസ്റ്റർപ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

(2) നഗരസഭയുടെ അഭ്യർത്ഥന പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകൃത പന്തളം മാസ്റ്റർപ്ലാനിന്മേൽ കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 36(6), 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ച് പരാമർശം (2) ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം, കേരള നഗര-ഗ്രാമാസൂത്രണ നിയമം വകുപ്പ് 36(7) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി 30/09/2021 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

(3) എന്നാൽ നഗരസഭയിൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തതിനാലും അടിക്കടിയുണ്ടാകുന്ന പ്രളയം, ക്യാമ്പ് ചുമതല, ലൈഫ് മിഷൻ പട്ടിക പുതുക്കൽ, അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ, പദ്ധതി റിവിഷൻ, പതിനാലാം പഞ്ചവത്സരപദ്ധതി തയ്യാറാക്കൽ എന്നിങ്ങനെ വിവിധ ചുമതലകൾ സമയബന്ധിതമായി തീർക്കേണ്ടതിനാൽ ടി

തീയതിയ്ക്കകം മാസ്റ്റർപ്ലാൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കില്ല എന്നും ആയതിനാൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(6) പ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കുമുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് പന്തളം നഗരസഭ കൗൺസിലിന്റെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ അപേക്ഷിച്ചിരുന്നു.

(3) കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(4) പ്രകാരം ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിൽ, മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണ അനുമതി ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ, കരട് മാസ്റ്റർ പ്ലാൻ വെബ്സൈറ്റിലും, പ്രസിദ്ധീകരണം സംബന്ധിച്ച ഒരു നോട്ടീസ് ഔദ്യോഗിക ഗസറ്റിലും, തദ്ദേശ നഗരാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ടു വർത്തമാന പത്രങ്ങളിലും (ഒന്ന് പ്രാദേശിക ഭാഷയിൽ) പ്രസിദ്ധീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത സമയപരിധി പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണം സംബന്ധിച്ച് പാലിച്ചിരിക്കുന്നതായി കാണുന്നില്ല. കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(6) പ്രകാരം, ആക്ഷേപ-നിർദ്ദേശങ്ങൾ പരിഗണിച്ച് സ്പെഷ്യൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾക്കുമുള്ള സമയപരിധി, 2022 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു നൽകണമെന്ന നഗരസഭയുടെ അപേക്ഷ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പരിഗണിച്ച്, തുടർ പ്രവർത്തനങ്ങൾക്കുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യണമെന്ന് ജില്ലാ നഗരാസൂത്രകനും അപേക്ഷിച്ചിരിക്കുന്നതായി മുഖ്യനഗരാസൂത്രകൻ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(4) പ്രകാരം, പന്തളം മുനിസിപ്പൽ കൗൺസിൽ, മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണ അനുമതി ലഭിച്ച തീയതി മുതൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നതിനു വന്ന കാലതാമസം, കേരള നഗര-ഗ്രാമാസൂത്രണ നിയമം വകുപ്പ് 36(11) പ്രകാരം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് സാധൂകരിക്കുന്നതിനു മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു. അതോടൊപ്പം, പ്രസിദ്ധീകരിക്കപ്പെട്ട പന്തളം മാസ്റ്റർ പ്ലാനിന്, നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അനുമതി ലഭിക്കാതിരിക്കുന്നതിനാൽ, പ്രസ്തുത മാസ്റ്റർ പ്ലാനിന്മേൽ, കേരള നഗര-ഗ്രാമാസൂത്രണ നിയമം, വകുപ്പ് 36(6), 36(7) എന്നിവ പ്രകാരമുള്ള നടപടികൾ, 2022 ആഗസ്റ്റ് 31-നുള്ളിൽ പൂർത്തിയാക്കുന്നതിനും, കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 38 പ്രകാരം, പന്തളം നഗരസഭയ്ക്ക് നിർദ്ദേശം നൽകാവുന്നതാണെന്നും മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(4) പ്രകാരമുള്ള 60 ദിവസ സമയപരിധി പാലിക്കാൻ നഗരസഭക്ക് സാധിച്ചില്ല എന്നതിനാൽ പന്തളം മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണ അനുമതി ലഭിച്ച തീയതി മുതൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നതിനു വന്ന കാലതാമസം സാധൂകരിച്ചു നൽകുന്നു.
ii. പ്രസിദ്ധീകരിക്കപ്പെട്ട പന്തളം മാസ്റ്റർപ്ലാനിന്, നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അനുമതി ലഭിക്കാതിരിക്കുന്നതിനാൽ, പ്രസ്തുത മാസ്റ്റർ പ്ലാനിന്മേൽ, കേരള നഗര-

ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(6), 36(7) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി, കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 38 പ്രകാരം, **2022 ആഗസ്റ്റ് 31** വരെ ദീർഘിപ്പിച്ചു നൽകുന്നു.

iii. പന്തളം മാസ്റ്റർ പ്ലാനിന്മേൽ, കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(6), 36(7) എന്നിവ പ്രകാരമുള്ള നടപടികൾ, 2022 ആഗസ്റ്റ് 31-നുള്ളിൽ നഗരസഭ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, പത്തനംതിട്ട.
3. സെക്രട്ടറി, പന്തളം നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sindhu.p.g.**
**Date: 17-06-2022 12:44:37**
സെക്ഷൻ ഓഫീസർ